# വാർഷിക
# സമഗ്രാസൂത്രണ രേഖ
## 2025–26




## ജി.എം.എൽ.പി.സ്കൂൾ
## പുന്നയൂർക്കുളം

## ആമുഖം

തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽ പുന്നയൂർ-കുളം ഗ്രാമപഞ്ചായത്തിലെ 4ാം വാർഡിൽ ആണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ആദ്യകാലഘട്ടങ്ങളിൽ ഈ പ്രദേശത്തുള്ള മിക്കവാറും കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം പോലും കിട്ടിയിരുന്നില്ല. അക്ഷരജ്ഞാനത്തിന്റെ ആവശ്യകത മനസ്സിലാക്കിയ ഉന്നതരായ ചിലരുടെ പരിശ്രമ ഫലമായി 1922-ൽ ചെറുവത്താട്ടിൽ അഹ്മദ് മാസ്റ്ററുടെ വീടിനോട് ചേർന്നുള്ള കയ്യാലപ്പുര അറിവിന്റെ അക്ഷരം കുറിക്കാനുള്ള വേദിയായിമാറി. ഇക്കാലത്ത് അധികാരിയായിരുന്ന പയ്യൂരയിൽ അഹമ്മദ് സാഹിബിന്റെ ഔദാര്യത്താൽ 30 സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് 1923-ൽ ക്ലാസ്സുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റി. ഈ വിദ്യാലയത്തിന്റെ ആദ്യ നാമം ബോർഡ് മാപ്പിള ഹയർ എലിമെന്ററി സ്കൂൾ എന്നായിരുന്നു. പിന്നീട് ജി.എം.എൽ.പി സ്കൂൾ പുന്നയൂർക്കുളം എന്നാക്കി മാറ്റി.

വാടക കെട്ടിടത്തിലായിരുന്നത് കൊണ്ട് സർക്കാറിൽ നിന്നുള്ള സഹായങ്ങൾ വളരെ കുറച്ച് മാത്രമെ ലഭിച്ചിരുന്നുള്ളൂ. കുടിവെള്ള സ്രോതസ്സുകളും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങളും വളരെ പരിമിതമായിരുന്നു. വൈദ്യുതീകരണം നടക്കാത്തത് കൊണ്ട് കമ്പ്യൂട്ടർ സൗകര്യങ്ങളും ഉണ്ടായിരുന്നില്ല.

കെട്ടിടത്തിന്റെ അവസ്ഥയും വളരെ മോശമായിരുന്നു.

വാടകകെട്ടിടത്തിലായിരുന്ന ഈ വിദ്യാലയം 2014 ജനുവരി 24ാം തിയ്യതി 10 സെന്റ് സ്ഥലം കെട്ടിടത്തോട് കൂടി പുന്നയൂർക്കുളം പഞ്ചായത്ത് ഏറ്റെടുത്തു. 5 ലക്ഷം രൂപ ചെലവാക്കി അറ്റകുറ്റ പണികൾ നടത്തി. സർവ്വീസിൽ നിന്നും വിരമിച്ച ശ്രീമതി നബീസ ടീച്ചറുടെ വകയായി ഒരു കിണർ സ്കൂളിന് ലഭിച്ചു. അധ്യാപക രക്ഷാകർത്തൃ സംഘടനകളുടെ തീരുമാനപ്രകാരം പ്രീ-പ്രൈമറി ക്ലാസ്സുകൂടി ആരംഭിച്ചു.

തുടർന്ന് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേന്ദ്രഗവൺമെന്റിന്റെ റർബൻ മിഷന്റെ ഫണ്ടുകൾ വിദ്യാലയത്തിന് ലഭിച്ചു. ഇത് ഉപയോഗിച്ച് 9 ക്ലാസ്സ് മുറികൾ ഉള്ള പുതിയ ഇരുനില കെട്ടിടം 1-1-2022-ൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ബിന്ദുടീച്ചർ ഉദ്ഘാടനം ചെയ്തു.

---

## അക്കാദമിക അവസ്ഥ

വിദ്യാലയത്തിലെ ഭൂരിഭാഗം കുട്ടികളും തൃപ്തികരമായ നിലവാരം പുലർത്തുന്നുണ്ട്. പിന്നോക്കക്കാർക്കായി ഭാഷ ഗണിതം തുടങ്ങിയവയിൽ പരിഹാരബോധന ക്ലാസ്സുകൾ പ്രത്യേകമായി നടത്തിവരുന്നു. ഈ വർഷം മുതൽ Spoken English -നായി പ്രത്യേക ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. കുഞ്ഞുമലയാളം, ഹലോ ഇംഗ്ലീഷ്, മലയാളത്തിളക്കം ശ്രദ്ധ, സുരീലി ഹിന്ദി തുടങ്ങിയ പരിപാടികൾ നടത്തുന്നതിനാൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരുടെ എണ്ണം കുറവാണ്. കൂടുതൽ കുട്ടികളും പഠനത്തിൽ മികച്ച ഗ്രേഡ് കരസ്ഥമാക്കുന്നു. കുട്ടികൾ പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും മികച്ച പ്രകടനം കാഴ്ചവെയ്ക്കുകയും ചെയ്യുന്നു.

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ്സുകളാണ്. ലൈബ്രറിയിൽ അറുന്നൂറോളം പുസ്തകങ്ങൾ ലഭ്യമാണ്. K.G, I ക്ലാസ്സുകളിലെ ചുമരുകൾ വർണ്ണ ചിത്രങ്ങൾ വരച്ച് ചേർത്ത് മനോഹരമാക്കിയിട്ടുണ്ട്. താഴെയും മുകളിലുമായി വൃത്തിയുള്ള ടോയ്‌ലെറ്റുകൾ

ഉണ്ട്. സി.സി.ടി.വി ക്യാമറകൾ എല്ലാ ഭാഗവും കവർ ചെയ്യും വിധം ഉണ്ട്. സ്കൂൾ ബാന്റ് ഉണ്ട്. ഇടയ്ക്ക് പ്രത്യേക പരിശീലനം നൽകാറുണ്ട്. കുടിവെള്ളത്തിനായി വാട്ടർ പ്യൂരിഫയർ ഉണ്ട്. കിണർ റീചാർജ്ജ് സംവിധാനം ഉണ്ട്. രണ്ട് ദിനപത്രങ്ങൾ 10 കോപ്പി വീതം സ്കൂളിൽ വരുത്തുന്നുണ്ട്. എല്ലാക്ലാസ്സുകളിലും ഇത് നൽകുന്നു.

**സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും.**

ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത് 10 സെന്റ് സ്ഥലത്തിലാണ്. അതിനാൽ തന്നെ കുട്ടികൾക്ക് കളിസ്ഥലം ഒട്ടും തന്നെയില്ല. ഇത് കുട്ടികളുടെ കായിക പരമായ വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു. സ്ഥലപരിമിതിയുള്ളതിനാൽ ഒരു മീറ്റിങ്ങ് നടത്താനോ കുട്ടികളുടെ പരിപാടികൾ നടത്താനോ ഒരു ഹാൾ ഇല്ലാത്തത് വലിയ ഒരു പോരായ്മ തന്നെയാണ്. സ്കൂൾ കെട്ടിടത്തിന്റെ ഏറ്റവും മുകളിലുള്ള നില ട്രസ്സ് വർക്ക് ചെയ്ത് ടർഫ് രൂപത്തിലാക്കുകയാണെങ്കിൽ കുട്ടികൾക്ക് കളിക്കാനും ഒപ്പം തന്നെ മീറ്റിംഗുകൾക്കും ഉപയോഗിക്കാൻ സാധിക്കും

നല്ലൊരു കളിസ്ഥലം സ്കൂൾ പരിസരത്തുതന്നെ ഉണ്ടാക്കുക എന്നത് സ്കൂളിന്റെ പ്രധാന ആവശ്യമാണ്. ഇതിനാണ് മുൻഗണന നൽകേണ്ടത്.

---

## ഈ വിദ്യാലയത്തിലെ അധ്യാപകർ

| Sl No | Name | Designation | Standard | Subject |
|---|---|---|---|---|
| 1 | ഫസലുറഹ്മാൻ വി.എ | H.M | II | All Subjects |
| 2 | ടോമി.എസ്. തലക്കോട്ടൂർ | P.D ടീച്ചർ | 5 | " |
| 3 | സുൽഫിക്കർ അലി T P M ON LWA | ജൂനിയർ അറബിക് | All | അറബിക് |
| 4 | പ്രജീഷ മൈ DW | LPST | III | All Subjects |
| 5 | ആതിര - DW | LPST | I | " |
| 6 | ബൽക്കീസ് - DW | LPST | IV | " |
| 7. | സുനിറ. P.K. DW | Jr Arabic | — | അറബിക് |

കൂടാതെ പ്രീ പ്രൈമറി അധ്യാപികയായി സി. ജ്യോതിയും ഹെൽപ്പറായി ഫസീലയും ഇവിടെ ജോലി ചെയ്യുന്നു.

2025-2026

GMLP SCHOOL

Punnayoorkulam 24214

Punnayoorkulamgmlpsegmail.com.

| STD | B | G | T | M.OBC | | | H.OBC | | | SC | | | Arabic students | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | B | G | T | B | G | T | B | G | T | B | G | T |
| I | 8 | 3 | 11 | 7 | 2 | 9 | - | 1 | 1 | 1 | - | 1 | 7 | 2 | 9 |
| II | 10 | 6 | 16 | 7 | 6 | 13 | 2 | | 2 | 1 | - | 1 | 10 | 6 | 16 |
| III | 3 | 10 | 13 | 2 | 9 | 11 | 1 | - | 1 | - | 1 | 1 | 3 | 9 | 12 |
| IV | 4 | 5 | 9 | 3 | 5 | 8 | 1 | - | 1 | - | - | - | 4 | 5 | 9 |
| V | 4 | 2 | 6 | 4 | 2 | 6 | - | - | - | - | - | - | - | - | - |
| TOTAL | 29 | 26 | 55 | 23 | 24 | 47 | 4 | 1 | 5 | 2 | 1 | 3 | 24 | 22 | 46 |

Noon meal students

| STD | BOY | GIRL | TOTAL |
|---|---|---|---|
| I | 8 | 3 | 11 |
| II | 10 | 6 | 16 |
| III | 3 | 10 | 13 |
| IV | 4 | 5 | 9 |
| V | 4 | 2 | 6 |
| TOTAL | 29 | 26 | 25 |

## ആസൂത്രണം

പ്രധാനധ്യാപകൻ സീനിയർ അസിസ്റ്റന്റ്, SR.G കൺവീനർ, P.T.A പ്രസിഡന്റ്, M.P.T.A പ്രസിഡന്റ് എന്നിവർ ചേർന്ന് വിദ്യാലയ അക്കാദമിക മാസ്റ്റർപ്ലാൻ സംബന്ധിച്ച് പൊതുധാരണയുണ്ടാക്കി. ഈ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ S.R.G കൺവീനർ സഹാധ്യാപകരുടെ സഹായത്തോടെ അക്കാദമിക വികസന രേഖ തയ്യാറാക്കുകയും ചെയ്തു.

ഓരോ ക്ലാസ്സിലും വായനാമൂല, ഗണിതമൂല, ശാസ്ത്രമൂല എന്നിവ സംഘടിപ്പിക്കണം. ഓരോ ക്ലാസ്സിലും കുട്ടികൾ നേടേണ്ടതായ കഴിവുകൾ നേടുന്നതിനായി ചെയ്യാവുന്ന പ്രവർത്തനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി. അസംബ്ലിയിൽ ചെയ്യേണ്ട കാര്യങ്ങളും ഓരോ ക്ലാസ്സിലും പ്രത്യേകം ചെയ്യേണ്ട പ്രവർത്തനങ്ങളും തരംതിരിച്ചു. അത് നടത്തേണ്ട സമയവും തീരുമാനിച്ചു.

ഇത് P.T.A മുമ്പാകെ അവതരിപ്പിച്ച് ചർച്ച ചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു.

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുക.

* കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവുകളെ പ്രോൽസാഹിപ്പിക്കും.

* കുട്ടികളിൽ നല്ല സ്വഭാവങ്ങളും ശീലങ്ങളും വളർത്തിയെടുക്കുക. ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളും നിർമ്മിക്കുകയും വളർത്തിയെടുക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക.

## ഭാഷാവികസനം ലക്ഷ്യങ്ങൾ

* എല്ലാകുട്ടികളും അർത്ഥപൂർണമായി വായിക്കുന്നു എന്നും ഉറപ്പുവരുത്തുക.

* എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമായ വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പു വരുത്തുക.

* കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

* സർഗാത്മക രചനയ്ക്കുള്ള അവസരം നൽകുക.
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
* ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

ഗണിതം - ലക്ഷ്യങ്ങൾ

* നിത്യജീവിതത്തിൽ ഗണിതത്തിന്റെ സ്വാധീനം തിരിച്ചറിയുക.
* ക്ഷേത്രഗണിത രൂപങ്ങൾ തിരിച്ചറിയുക.
* നൂതന ഗണിതാശയങ്ങൾ മനസ്സിലാക്കുക.
* നിത്യജീവിതത്തിൽ സംഖ്യാ ബോധം, ചതുഷ്ക്രിയകൾ, എന്നിവ സന്ദർഭാനുസരണം ഉപയോഗിക്കാനുള്ള കഴിവ് നേടുക.
* മന:കണക്കായി ക്രിയകൾ ചെയ്യുന്നതിനും മറിച്ചു പറയാനുമുള്ള കഴിവ് നേടുക.

പരിസരപഠനം - ലക്ഷ്യങ്ങൾ.

* ചുറ്റുപാടുകളെ നിരീക്ഷിക്കാനും ശാസ്ത്രീയമായി വിശകലനം നേടാനുമുള്ള കഴിവ് നേടുക.

* നിത്യജീവിതത്തിൽ ശാസ്ത്രം ചെലുത്തുന്ന സ്വാധീനം തിരിച്ചറിയുക.

* ശാസ്ത്രം നൽകിയ സംഭാവനകൾ തിരിച്ചറിയുക.

* സെമിനാർ, പ്രോജക്ട്, സർവ്വേറിപ്പോർട്ട്. ഇവ ചെയ്യുന്നതിലൂടെ കുട്ടി സ്വയം കാര്യങ്ങൾ അപഗ്രഥിച്ച് നിഗമനത്തിൽ എത്തിച്ചേരാൻ കഴിവ് നേടുന്നു.

* ശാസ്ത്രാഭിരുചി വളർത്തുക.

* പരീക്ഷണങ്ങൾ നടത്തുന്നതിനാവശ്യമായ വസ്തുക്കൾ തിരഞ്ഞെടുക്കുവാൻ കഴിവ് നേടുന്നു.

* പരിസ്ഥിതിയെ സ്നേഹിക്കാനും, സംരക്ഷിക്കാനുമുള്ള മനോഭാവം വളർത്തിയെടുക്കുന്നു.

<u>കമ്പ്യൂട്ടർ</u>

* ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനുള്ള കഴിവ് നേടുന്നു.

* പഠനം രസകരവും താൽപര്യം ഉളവാക്കുന്നതുമാകുന്നു. കണ്ട്പഠിക്കാൻ അവസരം നൽകുന്നു.

* പ്രവൃത്തിപരിചയം

* തൊഴിലിനോട് ആഭിമുഖ്യം വളർത്തുന്നു.

* ഒഴിവുസമയം രസകരമാക്കുന്നു.

## ചിത്രരചന

* ചിത്രരചനയിൽ പ്രാവീണ്യം നേടാൻ

## ജൈവ വൈവിധ്യ പാർക്ക്.

* പ്രകൃതിയെ അടുത്തറിയാൻ അവസരം നൽകുന്നു.
* കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ

## യോഗപരിശീലനം

* ആരോഗ്യമുള്ള മനസ്സും ശരീരവും കുട്ടികൾക്ക് പ്രദാനം ചെയ്യാൻ

## പൊതുവിജ്ഞാനം

* പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ, വെള്ളിയാഴ്ചകളിൽ ക്വിസ്സ്.

## സർഗവേള

* വെള്ളിയാഴ്ചകളിൽ ഉച്ചക്ക് ശേഷം പൊതുവായ സർഗവേള സംഘടിപ്പിക്കുന്നു. എല്ലാ ക്ലാസ്സുകളിലെ കുട്ടികളും വ്യത്യസ്തമായ പരിപാടികൾ അവതരിപ്പിക്കുന്നു.

## വായന മൂല

* കുട്ടികഥാ പുസ്തകങ്ങൾ, പ്രതിമാസികകൾ, ഉൾപ്പെടുത്തി വായനാമൂല തയ്യാറാക്കിയിട്ടുണ്ട്.

കുട്ടികൾ ഒഴിവു വേളകളിൽ ഇതുപയോഗിക്കുന്നു. രക്ഷിതാക്കളും പ്രയോജനപ്പെടുത്തുന്നു.

## ജന്മദിനത്തിന് പച്ചക്കറികൾ

ജന്മദിനാഘോഷങ്ങൾക്ക് മധുര പലഹാരങ്ങൾക്ക് പകരം പച്ചക്കറികളാണ് കുട്ടികൾ കൊണ്ടുവരുന്നത്. ഇത് ഉച്ചഭക്ഷണത്തിലേക്ക് ഉപയോഗപ്പെടുത്തുന്നു.

## വളണ്ടിയറിങ്ങ്

അച്ചടക്കം, ചുമതലബോധം എന്നിവ വളർത്തുന്നതിനായി വളണ്ടിയറിങ്ങ് വിങ്ങ് രൂപീകരിച്ചിട്ടുണ്ട്. ഓരോ ക്ലാസ്സിൽ നിന്നും രണ്ട്പേർ വീതം വളണ്ടിയർ ആവുന്നു

## അസംബ്ലി

| ദിവസം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| തിങ്കൾ | പ്രാർത്ഥന മലയാളം<br>പ്രതിജ്ഞ , മാസ്ഡ്രിൽ<br>പത്രവായന<br>പത്രക്വിസ്സ്<br>കടംകഥ<br>കഥാവായന<br>ദേശീയഗാനം | |
| ചൊവ്വ | പ്രാർത്ഥന, പ്രതിജ്ഞ , ഹിന്ദി<br>പത്രവായന. മാസ്ഡ്രിൽ<br>अपने बारे में ഹിന്ദി<br>പാഠഭാഗ വായന ഹിന്ദി<br>ദേശീയ ഗാനം | |
| ബുധൻ | പ്രാർത്ഥന, പ്രതിജ്ഞ, English. മാസ്ഡ്രിൽ<br>പത്രവായന, പത്ര ക്വിസ്സ്,<br>Self Introduction, (English) , ദേശീയഗാനം | |
| വ്യാഴം | പ്രാർത്ഥന , പ്രതിജ്ഞ, English മാസ്ഡ്രിൽ<br>പത്രവായന, പത്രക്വിസ്സ്. ഗണിതം കുരുക്കം<br>ഗണിതകേളി, മാസ്ഡ്രിൽ ദേശീയ ഗാനം | |
| വെള്ളി | പത്രവായന, പത്രക്വിസ്സ്. (മലയാളം)<br>പാഠഭാഗവായന (അറബിക്) പദ്യം -<br>അറബിക്, മാസ്ഡ്രിൽ , ദേശീയഗാനം. | |

# ഭാഷാവികസനം - മലയാളം

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക സാമഗ്രികൾ | പിന്തുണ |
| --- | --- | --- | --- | --- | --- |
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. സചിത്രപുസ്തകം, സംയുക്ത ഡയറി, പ്രീ-ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു.<br>2. അക്ഷരം ഉറപ്പിക്കൽ. ചിത്രങ്ങളിലൂടെ അക്ഷരം ഉറപ്പിക്കുന്നു.<br>3. അടയാളങ്ങൾ ഉറപ്പിക്കൽ, ചിത്രസഹായത്താൽ, അടയാളങ്ങൾ, ചിഹ്നങ്ങൾ ഉറപ്പിക്കൽ. ആഭരണമണിയിക്കാം കളി.<br>4. അക്ഷരകാർഡ്, പദകാർഡ്. അക്ഷരകാർഡ് ഉപയോഗിച്ച് പദങ്ങളും പദകാർഡ് ഉപയോഗിച്ച് വാക്യങ്ങളും ഉണ്ടാക്കുന്നു. വാക്യങ്ങൾ ക്രമത്തിലാക്കൽ | എല്ലാ ദിവസവും | ചിത്രങ്ങൾ<br>Smart T.V<br>കാർഡുകൾ | PTA<br>SMC<br>BRC |
| | | 5. ചിത്രത്തിന് അടിക്കുറിപ്പ് പറയിപ്പിക്കൽ, എഴുതിക്കൽ<br>6. പദപ്രശ്നം<br>7. കഥാപൂരണം - പറയൽ, എഴുതൽ. ചിത്രകഥകൾ ബാലമാസികകൾ<br>8. കഥാപുസ്തകം - വായന - കുറിപ്പ് തയ്യാറാക്കൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>9. പത്രവായന അസംബ്ലി. | ആഴ്ചയിൽ 2 ദിവസം | ചിത്രകഥകൾ, ബാലമാസികകൾ, പത്ര… | BRC<br>PTA |

| Sl No | ലക്ഷ്യം ഭാഷാപരം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | 10. ഡയറിയെഴുത്ത് - അസംബ്ലിയിൽ വായന<br>11. വിവരണം- അസംബ്ലിയിൽ വായന<br>12. കടംകഥ - ഉത്തരം പറയൽ നിർമ്മാണം<br>13. സ്വതന്ത്ര്യ രചനകൾ - കഥ, കവിത, നോട്ടീസ് കടംകഥ<br>14. ദിനാചരണങ്ങൾ - ചുമർപത്രിക, ക്വിസ്<br>15. കയ്യെഴുത്ത് മാസിക<br>16. ചിത്രപ്രദർശനം ചിത്രത്തെപ്പറ്റി എഴുതാനും പറയാനും അവസരം<br>17. ഭിന്നശേഷിക്കാരെ പരിഗണിക്കൽ, പ്രത്യേക പ്രവർത്തനങ്ങൾ<br>18. പിറന്നാൾ പുസ്തകം. പിറന്നാളിന് സ്കൂളിലേക്കൊരു പുസ്തകം. | | | |

ENGLISH

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | അക്ഷരമുറപ്പിക്കൽ | ചിത്രം കാണിച്ച് പേര് പറയിപ്പിക്കുന്നു. Eng B.B-യിൽ എഴുതുന്നു. വായിക്കുന്നു. ചില അക്ഷരങ്ങൾ മായ്ച്ചു കളയുന്നു. കാണാതായ അക്ഷരം ഏതെന്ന് പറയിപ്പിക്കുന്നു. എഴുതിക്കുന്നു. spelling ക്രമം തെറ്റി എഴുതിയിട്ട് ശരിയാക്കാൻ പറയുന്നു. | ആഴ്ചയിൽ ഒരു ദിവസം | ചിത്രം | PTA<br>BRC |
| | പദങ്ങൾ തിരിച്ചറിയൽ | Matching Cards - ചിത്രവും പദവും പദകാർഡുകളിൽ നിന്ന് നിർദ്ദിഷ്ട കാർഡുകൾ തെരഞ്ഞെടുക്കുന്നു. Vegetables, fruits- fruits ICT സാധ്യതകൾ<br>Word Ladder - ആദ്യത്തെ 10-ന്റെ അവസാന അക്ഷരത്തിൽ തുടങ്ങുന്ന പദം (ആവർത്തനം പാടില്ല) Story വായിച്ച് ചെറിയ ചോദ്യങ്ങൾ ചോദിച്ച് Eng സംസാരിക്കാനുള്ള കഴിവുണ്ടാക്കുന്നു. Self Introduction, Conversation, Discription, Notice, Skit പദപ്രയോഗം പൂരിപ്പിക്കൽ, Riddles സ്വന്തമായ രചനകൾ. Rhyme, Story, Spoken Eng course എല്ലാ ക്ലാസ്സിനും ആഴ്ചയിൽ 2 ദിവസം. | | കാർഡുകൾ<br>കമ്പ്യൂട്ടർ<br>കഥാപുസ്തകം<br>ഡിക്ഷണറി | |

ഗണിതം

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | പിന്തുണ |
|---|---|---|---|---|---|
| | സംഖ്യാബോധം ഉറപ്പിക്കൽ | മുത്തുപെറുക്കൽ കളി. വെറുക്കിയ മുത്തുകൾ എണ്ണിനോക്കി കൂടുതൽ കിട്ടിയ കുട്ടിയെ അഭിനന്ദിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | മുത്തുകൾ | BRC PTA |
| | | കൂട്ടങ്ങളാക്കൽ കളി, നിർദ്ദിഷ്ട എണ്ണം കുട്ടികൾ കൂട്ടങ്ങളാക്കുന്നു. മാച്ചിങ് കാർഡുകൾ ചിത്രങ്ങളുടെ എണ്ണവും സംഖ്യയും കണ്ടെത്തി എഴുതുന്നു. പടികൾ എണ്ണിക്കയറുന്നു. ഇറങ്ങുന്നു. ഒറ്റ ഇരട്ട കളി. | | കാർഡുകൾ ചിത്രങ്ങൾ | |
| | | തവളച്ചാട്ടം - ഒന്നിടവിട്ട സംഖ്യകളിൽ ചാടുന്നു. | | മഞ്ചാടിക്കുരു | |
| | ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | മാച്ചിങ് കാർഡുകൾ ക്രിയകൾ. ഒരു കാർഡിൽ ഉത്തരകാർഡ് കണ്ടെത്തൽ നൂറാം കോൽ കളി. | | കാർഡുകൾ ഈർക്കിൾ | |
| | മനക്കണക്ക് ചെയ്യാൻ | പാമ്പും കോണിയും കളി | | പാമ്പും കോണി | |
| | ഗണിതരൂപങ്ങൾ തിരിച്ചറിയുന്നു. തിരിച്ച് പറയുന്നു | കൂട്ടങ്ങളാക്കൽ കളി, നിർദ്ദിഷ്ട എണ്ണം കൂട്ടങ്ങളാക്കൽ ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ ഇത് സഹായിക്കുന്നു. | | കളിരൂപ | |
| | | കച്ചവടക്കളി. | | പാഠപുസ്തകം. | |
| | കമ്പ്യൂട്ടർ പഠനം | ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ മനക്കണക്കായി ചെയ്യുന്നതിനും രൂപങ്ങളുടെ വിനിമയത്തിൽ പ്രാവീണ്യം നേടാൻ പ്രയോജനപ്പെടും | | | |

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | ഗണിത രൂപങ്ങൾ ഉപയോഗിച്ച് ചിത്രരചന ഉറപ്പാക്കി<br>'കളിപ്പെട്ടി" പ്രവർത്തനങ്ങൾ തനിയെ ചെയ്യാൻ അവസരം ഒരുക്കുന്നു.<br>ഓരോരുത്തരും തനിയെ ചെയ്യുന്നു. | | | |

EVS

| Sl No | ലക്ഷ്യം | | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | വസ്തുക്കൾ തിരഞ്ഞെടുക്കുന്നതിനുള്ള കഴിവ്. | എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല - ശാസ്ത്രപഠനത്തിന് ആവശ്യമായ ഉപകരണങ്ങളും വസ്തുക്കളും കുട്ടികളുടെ സഹായത്താൽ ശേഖരിക്കുന്നു. | ആഴ്ചയിൽ ഒരിക്കൽ | | BRC<br>PTA |
| | ശാസ്ത്രാഭിരുചി വളർത്തുന്നു. | ചെറിയ പരീക്ഷണം സ്വയം ചെയ്യുന്നു<br>പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | | | |
| | ആത്മവിശ്വാസം വളർത്തുന്നു. | ശാസ്ത്രപഠനം രസികവും വിജ്ഞാനപ്രദവുമാക്കുന്നു. | | | |
| | നിരീക്ഷണപാടവം വളർത്തുന്നു. | സർവ്വേ റിപ്പോർട്ട്, സെമിനാർ, പ്രൊജക്ട് ഇവ സ്വയം ചെയ്യാൻ അവസരം ഉണ്ടാക്കുന്നു ഇവയിലൂടെ കുട്ടി സ്വയം അപഗ്രഥിച്ച് നിഗമനത്തിൽ എത്തുന്നു. | | | |

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | സാഹിത്യാഭിരുചി വളർത്തുക. | ബാലസഭ, സർഗവേള<br>പൊതുവേദിയിലെ പ്രകടനങ്ങൾ, കുട്ടികളിലെ ഭയം,സഭാകമ്പം, എന്നിവ മാറ്റിയെടുക്കാൻ ബാലസഭ, റേഡിയോ, ക്ലബ്, സർഗവേള, ഇവ സംഘടിപ്പിക്കുന്നു. | മാസത്തിൽ | | PTA<br>BRC |
| | സർഗാത്മക രചനകളുള്ള അവസരം | വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം വായന എഴുത്ത്. എന്നിവ മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം. പാഠഭാഗവുമായി ബന്ധപ്പെട്ടവ | | | |
| | പൊതുവിജ്ഞാനം വർധിപ്പിക്കുന്നതിന് | ക്വിസ് മത്സരം നടത്തി അർഹരായവർക്ക് സമ്മാനം നൽകുന്നു. | ആഴ്ചയിൽ ഒരിക്കൽ | | |
| | ലഘുപരീക്ഷണം | അസംബ്ലികളിൽ വെച്ച് ലഘുപരീക്ഷണം നടത്തി കുറിപ്പ് തയ്യാറാക്കുന്നു. | | | |

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | തൊഴിലിനോട് ആഭിമുഖ്യം പുലർത്തുന്നു. | പരിചയ സമ്പന്നരായവരെകൊണ്ട് പ്രവൃത്തി പരിചയ ക്ലാസ്സുകൾ നടത്തുന്നു. | വർഷത്തിൽ 3 ക്ലാസ്സുകൾ | | BRC PTA |
| | ഒഴിവുസമയം രസകരവും ഉപയോഗപ്രദവും ആക്കുന്നു. | ചിത്രരചന പരിശീലനം ആഴ്ചയിൽ 1 പിരീഡ് വീതം നടത്തുന്നു. പെൻസിൽ ഡ്രോയിങ്ങ്, ജലച്ഛായം, ക്രയോൺ എന്നിവ | ആഴ്ചയിൽ -1 | | |
| | ചിത്രരചനയിൽ പ്രാവീണ്യം നേടുന്നു. | കൃഷിയിട സന്ദർശനം, കൃഷിക്കാരുമായി അഭിമുഖം | വർഷത്തിൽ ഒരിക്കൽ | | |
| | പ്രകൃതിയെ അടുത്തറിയാനും കാർഷിക സംസ്കൃതിയെ വീണ്ടെടുക്കലും ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യുന്നതിന് | ആഴ്ചയിൽ ഒരിക്കൽ (വെള്ളി) യോഗ പരിശീലനം | ആഴ്ചയിൽ -1 | | |